

# വികാരിയിൽ നിന്ന് ...

30-03-2018

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്നത് പ്രത്യാശയുടെ മഹത്സംഭവമായ ഈസ്റ്റർ സുദിനത്തോടു കൂടിയാണ്. 'ഈസ്റ്റർ' എന്ന പദത്തിൻെറ അർത്ഥം 'ഉദയത്തിൻെറ ദേവത' എന്നാണ്. മനുഷ്യ കുലത്തിന് മുഴുവൻ പുത്തൻ പ്രതീക്ഷ നൽകുന്ന ദൈവത്തിൻെറ ശക്തിയേറിയ പ്രവർത്തനം ആണ് ഉത്ഥാനം. സത്യത്തിൻേറയും, നന്മയുടേയും ഐതിഹാസികമായ ചരിത്ര വിജയ മുഹൂർത്തമാണ് പുനരുത്ഥാനം. വിശുദ്ധനായ പൗലോസ് പറയുന്നു "ക്രിസ്തു പുനരുത്ഥാനം ചെയ്തില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗവും, നിങ്ങളുടെ വിശ്വാസവും അർത്ഥരഹിതമാണ്. മരിച്ചവർ പുനരുത്ഥാനം ചെയ്യുകയില്ലെങ്കിൽ ക്രിസ്തു പുനരുത്ഥാനം ചെയ്തിട്ടേയില്ല" (1കൊരി. 15:14–16). ഇവിടെ മൂന്ന് കാര്യങ്ങൾ പ്രസക്തമാണ്. ക്രിസ്തുവിൻെറ പുനരുത്ഥാനം, നമ്മുടെ വിശ്വാസം, നമ്മുടെ പുനരുത്ഥാനം ആദിയായവ. നമുക്ക് വേണ്ടി ജീവിക്കുകയും, മരിക്കുകയും, പുനരുത്ഥാനം ചെയ്യുകയും ചെയ്ത ്രക്രിസ്തുവിനേയാണ് ഇവിടെ നാം കാണുക. യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേൽപ്പ് മനുഷ്യകുലത്തിന് പ്രതീക്ഷ നിറഞ്ഞ ഒരു ഭാവിയാണ് കാഴ്ച്ച വയ്ക്കുന്നത്. സങ്കല്പ്പങ്ങളും, സ്വപ്നങ്ങളും, ആശകളും നിറഞ്ഞ മനുഷ്യ ജീവിതത്തിന് ആത്യന്തികമായി ലക്ഷ്യവും, ലക്ഷ്യപ്രാപ്തിക്കുള്ള സംവിധാനവും യേശു നേടിത്തന്നു. തന്നിൽ വിശ്വസിക്കുന്ന ഏവർക്കും ചെന്നെത്താവുന്ന ലക്ഷ്യമായി ക്രിസ്തു ആ യാഥാർത്ഥ്യം പരിത്രാണ ചരിത്രത്തിൽ സ്ഥിരീകരിച്ചു വച്ചു.

യേശുവിൻെറ പുനരുത്ഥാനം മനുഷ്യകുലത്തിൻെറ മാത്രം നേട്ടമല്ല. അത് ദൈവം സൃഷ്ടിച്ച ഈ വിശ്വം മുഴുവൻേറയും വിജയമാണ്. നശിച്ചു പോകുന്ന, ശിഥിലീകരിക്കപ്പെട്ടു പോകുന്ന ഈ പദാർത്ഥിക ലോകം മുഴുവൻ യേശുവിൻെറ പുനരുത്ഥാനത്തിൽ പങ്കു ചേരുന്നുണ്ട്. ദൈവം തൻെറ അനന്തപരിപാലനയിലൂടെ മനുഷ്യകുലത്തിൻെറ കൂടെപ്പിറപ്പായി സൃഷ്ടിച്ചതാണീ വിശ്വം. മാനവകുലത്തിൻെറ എല്ലാ വിജയത്തിൻേറയും അടിസ്ഥാനം ഈ പുനരുത്ഥാനത്തിൻെറ അന്തഃസത്തയാണ്. നമ്മുടെ പുനരുത്ഥാനം അവ്യക്തമായ ഭാവിയിലേയ്ക്ക് മാറ്റിവെയ്ക്കേണ്ട ഒന്നല്ല. മരണത്തിനപ്പുറത്ത് നമുക്ക് ലഭ്യമാകുവാൻ പോകുന്ന ഉത്ഥാനത്തിൻെറ മഹത്വം നമ്മുടെ അനുദിന ജീവിതത്തിലേക്ക് പ്രകാശം വീശണം. നമ്മുടെ ചിന്തയിലും, വാക്കിലും, പ്രവർത്തിയിലും, ജീവിതത്തിൽ മുഴുവനും ഈ ശക്തി നിഴലിക്കണം. മരണത്തിലൂടെ മരണത്തെ ജയിച്ച് മരണത്തിനതീതമായി മനുഷ്യകുലത്തിന് ജീവൻെറ മാർഗ്ഗം അവിടുന്ന് തെളിയിച്ചുതന്നു.

യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേൽപ്പിൻെറ അർത്ഥവും വ്യാപ്തിയും വലുതാണ്. ഉത്ഥാനം ക്രിസ്തീയ വിശ്വാസത്തിൻേറയും, ജീവിത വിജയത്തിൻേറയും, പ്രഘോഷണത്തിൻേറയും അടിസ്ഥാനമാണ്. യേശുക്രിസ്തുവിൻെറ ഉയിർപ്പ് മനുഷ്യകുലത്തിൻെറ എല്ലാവിധമായ ഉത്ഥാനങ്ങളുടെ ദൃശ്യാവിഷ്ക്കാരമാണ്.ഇത് മനുഷ്യകുലത്തിന് കൈത്തിരി തെളിയിച്ച അപൂർവ്വ മുഹൂർത്തമാണ്. യേശുവിൻെറ ഉയിർപ്പ് ജീവൻെറ മേലും, മരണത്തിൻെറ മേലുമുള്ള ദൈവത്തിൻെറ അധികാരവും വിജയവും ആത്യന്തികമായി ഉറപ്പിക്കുന്നതാണ്. അത് ജീവൻെറ ആഘോഷമാണ്. പാപത്തിൻേറയും, അന്ധകാരത്തിൻേറയും ഘടനകളിന്മേലുള്ള ക്രിസ്തുവിൻെറ വിജയഗാഥയാണ്. ഉത്ഥാനം യേശുവിൻെറ നിയോഗങ്ങളുടെ നിറവേറലായിരുന്നു. യേശുവിനെ സംബന്ധിച്ച് അവൻെറ ജീവിതവും ദൗത്യവും തൻെറ നിയോഗങ്ങളുടെ നിറവേറലിനുള്ള പ്രയാണമായിരുന്നു.

എന്താണ് പുനരുത്ഥാനത്തിൻെറ പ്രസക്തി? ഒന്ന് യേശു ക്രൂശിന്മേൽ കൈവരിച്ച വിജയത്തിൻെറ ഉറക്കെയുള്ള പ്രഖ്യാപനമാണ് പുനരുത്ഥാനം. ഒരു ഭക്തൻ പറഞ്ഞു കുരിശിന്മേൽ കിടന്നുകൊണ്ട് പുത്രൻ “സകലവും നിവൃത്തിയായി” എന്ന് പ്രഖ്യാപിച്ചതിന് ‘ആമേൻ’ എന്ന് പിതാവ് പറയുന്നതാണ് പുനരുത്ഥാനത്തിൽ നടക്കുന്നത്. അവസാനത്തെ ശത്രുവായ മരണത്തേയും പരാജയപ്പെടുത്തി സകലത്തിൻേറയും മേൽ ക്രിസ്തുവിൻെറ ആധിപത്യം ഉറപ്പു വരുത്തുന്നതാണ് പുനരുത്ഥാനം. ഇന്ന് എവിടെയും നിരാശയും പരാജയ ബോധവും, തകർച്ചയും മനുഷ്യനെ വേട്ടയാടുന്നു. അന്ധകാരശക്തികളുടെ, തിന്മയുടെ വളർച്ച നമ്മെ നിസ്സഹായരാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഉയിർപ്പിൻെറ സന്ദേശം നന്മ വിജയിക്കുമെന്നും അന്ധകാരത്തെ പ്രകാശം കീഴടക്കുമെന്നും തന്നെയാണ്. സത്യത്തെ കുഴിച്ചുമൂടി മുദ്ര വച്ചാലും മൂന്നാം നാൾ അത് ഉയിർത്തെഴുന്നേൽക്കും. “ഉല്ലാസത്തിൻേറയും, ജയത്തിൻേറയും ഘോഷം നീതിമാന്മാരുടെ കൂടാരങ്ങളിൽ ഉണ്ട്; യഹോവയുടെ വലങ്കൈ വീര്യം പ്രവർത്തിക്കുന്നു...... ഇത് യഹോവയാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരിക്കുന്നു. ഇത് യഹോവ ഉണ്ടാക്കിയ ദിവസം. ഇന്ന് നാം സന്തോഷിച്ച് ആനന്ദിക്കുക”. (സങ്കീ. 118:15,23,24). ചരിത്രത്തിലെ അവിസ്മരണീയ പ്രവർത്തനത്തിലൂടെ മാനവ കുലത്തിന് നിത്യജീവൻ നേടിത്തന്ന ക്രിസ്തുവിൻെറ പുനരുത്ഥാനത്തിൻെറ സാക്ഷികളായി നമുക്ക് ജീവിക്കാം. ഉയിർത്തെഴുന്നേറ്റ കർത്താവ് നൽകിയ നിയോഗം നിറവേറ്റുവാൻ നമ്മെ ദൈവകരങ്ങളിൽ ഏൽപ്പിച്ച് കൊടുക്കാം. അതിന് ദൈവം നമ്മെ ഏവരേയും പ്രാപ്തരാക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തട്ടെ.

എന്ന്, നിങ്ങളുടെ ഇടവക വികാരി.




**റവ. ജോർജ് യോഹന്നാൻ**

ഫോൺ. 39732763,17250630

rev.georgeyohannan@gmail.com